DESPATCHED
On. 22/12/21

22/12/21


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ CP.No.54(5)/18/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 511/SIC-G7/2018

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ബ്രില്യന്റ് റ്റി.വി,
ബ്രിറ്റോ നിവാസ്, പടവൻകോട്,
വിളപ്പിൽശാല പി.ഒ, തിരുവനന്തപുരം. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ആര്യനാട് വില്ലേജ് ഓഫീസ്,
ആര്യനാട്, തിരുവനന്തപുരം. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷ തീയതി | 11.12.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | Nil |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 17.01.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 17.01.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 06.08.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:<br>പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | <br>ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പ് പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ.ബ്രില്യന്റ് റ്റി.വി, 17.01.2018-ൽ സമർപ്പിച്ച പരാതി ഹർജി 17.01.2018-ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP No.54(5)/18/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിച്ചില്ലെന്നും ആയതിനാൽ കൃത്യമായ മറുപടി ലഭ്യമാക്കണമെന്നുമാണ്.

3. വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം പരാതി ഹർജിക്കാരൻ 11.12.2017–ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിന്മേൽ ആവശ്യപ്പെട്ടിരുന്നത്, സർവ്വേ നമ്പർ 324/8 ബ്ലോക്ക് നമ്പർ 47 ൽപ്പെട്ട അന്നമുത്തു മകൾ രസമണി, ഭർത്താവ് ക്രിസ്തുദാസ് എന്നിവരുടെ പേരിൽ ഉള്ള വസ്തുക്കളും, അവ ആർക്കൊക്കെ കൈമാറ്റം ചെയ്തുവെന്നും, അവരുടെ പേരും എത്ര സെന്റ് വീതം നൽകിയെന്നുമുള്ള വിവരം ലഭ്യമാക്കുക; ടി സർവ്വേ നമ്പരിൽ ടി ബ്ലോക്കിൽ പഴയ തെരുവുമുറിയിൽ പാലൈക്കോണം പുന്നവിള വീട്ടിൽ ദാനിയേൽ മകൻ ഇസ്മായേൽ പേർക്ക് എത്ര സെന്റ് വസ്തുക്കൾ ഉണ്ടെന്നും ഈ വസ്തു ഉപയോഗിച്ച് ടിയാൻ ഏതൊക്കെ ബാങ്കിൽ നിന്നും വായ്പ എടുത്തിട്ടുണ്ടെന്നും പഞ്ചായത്ത് തലത്തിലോ മറ്റോ എന്തെങ്കിലും ആനുകൂല്യം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വർഷം, മാസം, തീയതി ലഭ്യമാക്കുക എന്നതുമായി ബന്ധപ്പെട്ട് 3 വിവരങ്ങളായിരുന്നു.

4. തുടർന്ന് കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചതനുസരിച്ച് 06.08.2021 ൽ ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും ടെലഫോൺ മുഖാന്തിരം നടന്ന നേർവിചാരണയിൽ ഇരുകക്ഷികളും ഹാജരായിരുന്നു.

5. എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. പരാതി ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരം 06.08.2018 ലെ 01/2018 നമ്പർ കത്ത് മുഖാന്തിരം തപാൽ മാർഗ്ഗം നൽകിയെങ്കിലും ആയത് ലഭ്യമായില്ലെന്ന് പരാതി ഹർജിക്കാരൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടാമത് ഒരിക്കൽകൂടി പ്രസ്തുത വിവരം ലഭ്യമാക്കിയെന്ന് എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. റിപ്പോർട്ടിനൊപ്പം ഹാജരാക്കിയിട്ടുള്ള വിവരം അടങ്ങിയ രേഖ വ്യക്തതയില്ലാത്തതാണ്. അതിനാൽ വ്യക്തമായി വായിക്കാൻ പറ്റുന്ന തരത്തിലുള്ള രേഖ പരാതി ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകുന്നു. കൂടാതെ വിവരാവകാശ

അപേക്ഷയ്ക്ക് മറുപടി നൽകുമ്പോൾ ഔദ്യോഗിക പേരിനോടൊപ്പം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നുകൂടി രേഖപ്പെടുത്തേണ്ടതാണ്. മാത്രവുമല്ല അപ്പീൽ അധികാരിയുടെ പേരും, ഔദ്യോഗിക വിലാസവും, അപ്പീൽ സമർപ്പിക്കേണ്ട സമയപരിധിയും വ്യക്തമായും രേഖപ്പെടുത്തേണ്ടതാണ് ഇനിയും കൂടുതൽ ആവശ്യമുണ്ടെങ്കിൽ രേഖകൾ ഓഫീസിൽ ഹാജരായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് ആവശ്യമുള്ള വിവരങ്ങൾ ശേഖരിക്കുവാൻ ഹർജിക്കാരന് അവസരം നൽകേണ്ടതാണെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ടി പരാതി ഹർജി ഇന്നേദിവസം 2021 നവംബർ മാസം 22-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**

JN